പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1206 | 04.11.2014 -ലെ മറുപടിയ്ക്ക്

# കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഹോസ്റ്റൽ പ്രശ്നത്തിൽ വിദ്യാർത്ഥികൾ നടത്തുന്ന സമരം

*ചോദ്യം*
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഹോസ്റ്റൽ പ്രശ്നമുന്നയിച്ച് വിദ്യാർത്ഥികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം നൽകാമോ | (ബി) (സി) (ഡി) (ഇ) & (എഫ്) | കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരവും, സിൻഡിക്കേറ്റും വൈസ് ചാൻസലറും തമ്മിലുള്ള പ്രശ്നങ്ങളും സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 28.10.2014 ൽ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരുൾപ്പെടെയുള്ളവരുടെ യോഗം വിളിച്ച് ചേർത്തു. പ്രസ്തുത യോഗത്തിൽ സമരം ഒത്തു തീർപ്പാക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.<br><br>1. വിദ്യാർത്ഥികളുടെ ഫെലോഷിപ്പ് 04.11.2014 നകം നൽകണം ഇതു നൽകിയില്ലങ്കിൽ ഇതിനുത്തരവാദികൾക്കെതിരെ വൈസ് ചാൻസലർ നടപടി സ്വീകരിക്കണം.<br><br>2. അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക ഉടൻ വിതരണം ചെയ്യണം |
| (സി) | വിദ്യാർത്ഥി സമരം ഒത്തുതീർപ്പിലെത്തിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടായിട്ടുണ്ടോ; | | |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | | |
| (ഇ) | സമരം ഒത്തുതീർപ്പാക്കാൻ മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും ഇടപെടണമെന്ന ആവശ്യം ഉന്നയിച്ച് കത്ത് ലഭ്യമായിട്ടുണ്ടോ; | | |
| (എഫ്) | പ്രസ്തുത ആവശ്യത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ: വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പ്രൊമോഷനും മറ്റ് പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കണം.<br><br>3. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം ഉടൻ ആരംഭിക്കണം.<br><br>4. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിക്കാനും പൊതു മെസ് സൗകര്യം ഉപയോഗപ്പെടുത്താനും അനുവദിക്കും.<br><br>5. സ്ഥിതിഗതികൾ വിദ്യാഭ്യാസ മന്ത്രി മാസത്തിലൊരിക്കൽ അവലോകനം ചെയ്യും. |

സെക്ഷൻ ഓഫീസർ